"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പജപവവിവ - ചികിത്സാധനസഹായം - മലപ്പുറം ജില്ലയിൽ നിലമ്പൂർ മൂത്തേടം എരഞ്ഞൻകാടൻ വീട്ടിൽ ശ്രീമതി.പ്രിയ എന്നവർക്ക് സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (പിഎം) വകുപ്പ്**

സ.ഉ.(സാധാ) നം.822/2024/SCSTD തീയതി,തിരുവനന്തപുരം, 23-09-2024

---

പരാമർശം:- 1. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 22/08/2023 ലെ C/C2/9498/2023/STDD (1) നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗത്തിൽ ചികിത്സ തേടിയ പട്ടികവർഗ്ഗ പണിയ സമുദായാംഗവും ബിപിഎൽ കുടുംബാംഗവുമായ മലപ്പുറം ജില്ലയിൽ നിലമ്പൂർ മൂത്തേടം എരഞ്ഞൻകാടൻ വീട്ടിൽ ശ്രീമതി.പ്രിയ എന്നവരുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപ പ്രതീക്ഷിക്കുന്നുണ്ടെന്നും ടി തുക സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അനുവദിച്ച നൽകിയ തുകയിൽ നിന്നും ചെലവഴിക്കുന്നതിന് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന് അനുമതി നൽകി ഉത്തരവാകണമെന്നും പരാമർശ കത്ത് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികവർഗ്ഗ പണിയ സമുദായാംഗവും ബിപിഎൽ കുടുംബാംഗവുമായ മലപ്പുറം ജില്ലയിൽ നിലമ്പൂർ മൂത്തേടം എരഞ്ഞൻകാടൻ വീട്ടിൽ ശ്രീമതി.പ്രിയ എന്നവരുടെ ചികിത്സയ്ക്കായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം അനുവദിച്ച നൽകിയ തുകയിൽ നിന്നും ചെലവഴിക്കുന്നതിന് കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SINDHU SUKUMARAN
അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. സൂപ്രണ്ട്, ഗവ.മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സോഷ്യൽ & ജനറൽ) കേരള, തിരുവനന്തപുരം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ) കേരള, തിരുവനന്തപുരം
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Lizy Susan John
സെക്ഷൻ ഓഫീസർ
Date: 23-09-2024 16:17:05

<u>പകർപ്പ്</u>

1. ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പിഎസ്
2. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎ
3. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ